## മലയാളവിഭാഗം
## കേരളസർവകലാശാല

# ഓർമ്മ-2020



## വെബിനാർ
## പി.വി.വേലായുധൻപിള്ളദിനം
**ജൂലൈ 17 വെള്ളിയാഴ്ച, 11.00 മണിക്ക്**

സുഹൃത്തേ,

മലയാളവിഭാഗത്തിലെ മൺമറഞ്ഞഅധ്യാപകശ്രേഷ്ഠരുടെ ചരമവാർഷികദിനത്തിൽ അവരുടെ അക്കാദമികസംഭാവനകൾ വിലയിരുത്താനും അവർ വ്യാപരിച്ച ഭാഷാ – സാഹിത്യമേഖലയിൽ അക്കാദമികപ്രഭാഷണം നടത്താനുമായി 2019 ജൂലൈ 17 – ന് ആരംഭിച്ച ഓർമ്മ എന്ന പരിപാടി ഒരു വർഷം പിന്നിടുകയാണ്. ഡോ. പി. വി. വേലായുധൻപിള്ളയുടെ ചരമവാർഷികദിനമായ ജൂലൈ 17 – ന് നടക്കുന്ന വെബിനാറിലൂടെ ഈ വർഷവും അദ്ദേഹത്തെ ഞങ്ങൾ ഓർക്കുകയാണ്.

2020 ജൂലൈ 17 വെള്ളിയാഴ്ച രാവിലെ 11 മണിമുതൽ ഓൺ – ലൈനായി നടക്കുന്ന പ്രസ്തുത പരിപാടിയിൽ ഡോ. പി. വി. വേലായുധൻ പിള്ളയെക്കുറിച്ച് നിരൂപകൻ, വ്യക്തി, ഗവേഷണമാർഗ്ഗദർശി എന്നീ നിലകളിൽ അദ്ദേഹത്തിന്റെ ശിഷ്യരായ ഡോ. ബി. പാർവതി, ഡോ. എ. എം. ഉണ്ണികൃഷ്ണൻ, ഡോ. ലേഖാനരേന്ദ്രൻ എന്നിവർ സംസാരിക്കുന്നു.

ഓൺ – ലൈനായി നടക്കുന്ന ഈ വെബിനാറിൽ പങ്കുചേരുന്നതിന് ഏവരെയും സ്നേഹാദരങ്ങളോടെ ക്ഷണിക്കുന്നു. ഇതിൽ പങ്കെടുക്കുന്നതിനുള്ള ലിങ്കും പാസ് വേർഡും ഇതോടൊപ്പം നൽകുന്നു.

കാര്യവട്ടം
15 – 07 – 2019

ഡോ. എസ്. ഷിഫ
*(പ്രൊഫസർ & വകുപ്പദ്ധ്യക്ഷ)*

**http://live.hpc-ku.in/ORMA-P.V.Sir**
**Password : 17072020**

## പി. വി. വേലായുധൻപിള്ള

കോട്ടയം ജില്ലയിൽ വൈക്കത്ത് 1931 - ൽ ജനിച്ചു. അച്ഛൻ പാലാ പുന്നമറ്റത്തിൽ വെങ്കിടേശ്വരൻപിള്ള, അമ്മ ആലുവാ വേട്ടുങ്കൽ പാർവ്വതിപിള്ള. വൈക്കം, പാലാ, തൊടുപുഴ, കാടനാട്, രാമപുരം എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം. ആലുവ യു.സി. കോളേജിൽ നിന്ന് ബി.എസ്.സിയും എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് മലയാളം ഐച്ഛികമായി എം.എ.യും ജയിച്ചു. പ്രാചീനമലയാള ഗദ്യത്തിൽ ഗവേഷണം ചെയ്ത് കേരള സർവകലാശാലയിൽനിന്ന് പിഎച്ച്.ഡി. ബിരുദം നേടി. ലിംഗ്വിസ്റ്റിക്സിൽ സർട്ടിഫിക്കറ്റുകളും തമിഴ്നാട് ഗവൺമെന്റിന്റെ തമിഴ് ഡിപ്ലോമയും നേടി. അഞ്ചുവർഷം ഹൈസ്കൂൾ അദ്ധ്യാപകൻ തുടർന്ന് കേരള സർവകലാശാലയിലെ ലെക്സിക്കൺ വിഭാഗത്തിലും പ്രകാശനവിഭാഗത്തിലും ജോലി ചെയ്തു. പിന്നീട് കേരള സർവകലാശാല മലയാളവിഭാഗത്തിൽ അദ്ധ്യാപകൻ. അവിടെ പ്രൊഫസറായും വിഭാഗാദ്ധ്യക്ഷനായും സേവനമനുഷ്ഠിച്ചു. മൂന്നുവർഷം ഫാക്കൽറ്റി ഡീൻ ആയിരുന്നു. വിശ്വവിജ്ഞാനകോശത്തിൽ മൂന്നുവർഷം എക്സിക്യൂട്ടീവ് എഡിറ്ററുമായിരുന്നു. 2003 ജൂലായ് 17 - ന് അന്തരിച്ചു.

കൃതികൾ : എന്താണ് കവിത, നിരൂപണസാഹ്യം, വീണ്ടുവിചാരം, അസ്വസ്ഥതയുടെ നിറഭേദങ്ങൾ, മലയാള സാഹിത്യവിമർശനം, സൂര്യകാന്തി, അറിവും അനുഭൂതിയും, ആണുങ്ങളില്ലാത്ത കൊറ വല്യകൊറ, ഐൻസ്റ്റീ ന്റെ കഥ (ജീവചരിത്രം), എ.ആർ. രാജരാജവർമ്മ (ജീവചരിത്രം), ജീവിച്ചിടുന്നു മൃതിയിൽ (കുറ്റിപ്പുഴയെക്കുറിച്ചുള്ള പഠനം), ഗുറജാഡ അപ്പാറാവു, സരോജിനി നായിഡു (ജീവചരിത്രം), മധ്യകാലമലയാളം, മണിപ്രവാളകവിത, മലയാള സാഹിത്യം കൃഷ്ണഗാഥവരെ, മലയവിലാസവും വിശ്വരൂപവും, ഒരു യാത്രയുടെ മുറിവുകൾ (കവിത), Early Malayalam Prose - A Study.

ഭാര്യ: പി.എ. അമീനാബായി

മക്കൾ : പ്രിയസൂര്യ, ജയസൂര്യ